# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 27-06-2014

## വിദ്യാഭ്യാസ വകുപ്പുമായി നിസ്സഹകരിക്കേിവരും

**കെ.എസ്.ടി.എ**

രാഷ്ട്രീയ പ്രേരിതവും പ്രതികാര ബുദ്ധിയോടെയുമുള്ള സ്ഥലംമാറ്റങ്ങൾ റദ്ദുചെയ്തില്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പു നടത്തുന്ന എല്ലാ പരിപാടികളുമായി നിസ്സഹകരിക്കേണ്ടി വരുമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി മുന്നറിയിപ്പ് നൽകി. അന്യായ സ്ഥലംമാറ്റങ്ങളിലൂടെ വിദ്യാഭ്യാസ വകുപ്പ് അധ്യാപകരെ ദ്രോഹിക്കുന്ന നിലപാട് സ്വീകരിച്ചിരിക്കുകയാണ്.

സംസ്ഥാനത്ത് നിരവധി അധ്യാപകരെയാണ് രാഷ്ടീയ പ്രേരിതമായി സ്ഥലംമാറ്റിയത്. ഭരണ കക്ഷിക്കാർക്ക് ഇഷ്ടമല്ലാത്ത അധ്യാപകരെ വ്യാജ പരാതി സൃഷ്ടിച്ച് സ്ഥലംമാറ്റുകയാണ്. തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂളിലെ പ്രധാനാധ്യാപിക ഊർമിളാദേവി, മലപ്പുറം ചെട്ടിയാൻകിണർ ഹയർസെക്കന്ററി സ്കൂളിലെ അധ്യാപകരായ ഗോപിനാഥ്, ഡാൽമിയാ തങ്കപ്പൻ, എറണാകുളം സൗത്ത് എഴിപ്പുറം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ പ്രധാനാധ്യാപകൻ കെ ആർ പവിത്രൻ, കാലടി ചൊവ്വര ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ പ്രധാനാധ്യാപികയായിരുന്ന എം കെ സീത, ഇടപ്പള്ളി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിലെ പ്രധാനാധ്യാപികയായിരുന്ന ഡോ. കെ ലത എന്നിവർ ഇങ്ങനെ സ്ഥലംമാറ്റപ്പെട്ടവരാണ്. മലപ്പുറം മുന്നിയൂർ ഹയർസെക്കന്ററി സ്കൂളിലെ കെ കെ അനീഷ് എന്ന അധ്യാപകനെ പിരിച്ചുവിടാൻ മാനേജുമെന്റിന് വിദ്യാഭ്യാസവകുപ്പ് അനുമതി നൽകി. പ്രസ്തുത സ്കൂളിലെ മാനേജർ ലീഗുകാരനും പഞ്ചായത്ത് പ്രസിഡന്റുമാണ്. നിയമവിരുദ്ധവും ജനാധിപത്യ വിരുദ്ധവുമായ നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. കോട്ടൺഹിൽ സ്കൂളിൽ നിന്നും സ്ഥലംമാറ്റപ്പെട്ട അധ്യാപികക്ക് കാരണംകാണിക്കൽ നോട്ടീസിന് മറുപടി നൽകാൻ സമയം നൽകിയില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പരിഗണന നൽകിയില്ല. ആരോഗ്യപരമായ പ്രശ്ങ്ങൾ അനുഭവിക്കുന്ന അധ്യാപികയോട് മനുഷ്യത്വരഹിതമായാണ് സർക്കാർ പ്രതികരിച്ചത്.

അധ്യാപകരെ നിരന്തരം സമ്മർദ്ദത്തിലാക്കുന്ന സർക്കാർ തീക്കൊള്ളികൊണ്ട് തല ചൊറിയുകയാണ്. അന്യായ സ്ഥലംമാറ്റങ്ങൾ ഉടൻ റദ്ദുചെയ്യാൻ തയ്യാറായില്ലെങ്കിൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പരിപാടികളുമായും നിസ്സഹകരിക്കുമെന്ന് കെ എസ് ടി എ ജനറൽ സെക്രട്ടറി എ കെ ഉണ്ണികൃഷ്ണൻ മുന്നറിയിപ്പ് നൽകി.

**എ കെ ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി